**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6741** **11-07-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ വയർമാൻ ഇലക്ട്രീഷ്യൻ വിഭാഗത്തിനുവേണ്ടി പ്രത്യേകമായ ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വയർമാൻ-ഇലക്ട്രീഷ്യൻ വിഭാഗത്തിനുവേണ്ടി പ്രത്യേകമായ ഒരു ക്ഷേമനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ അംഗത്വത്തിന് അർഹമായ തൊഴിലാളികളുടെ പട്ടികയിൽ ഇലക്ട്രീഷ്യൻ വിഭാഗം ഉൾപ്പെടുന്നുണ്ട്. എന്നാൽ വയറിംഗ് മേഖലയിലെ തൊഴിലാളികൾക്ക് തനത് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ ഇലക്ട്രിക്കൽ വിഭാഗം തൊഴിലാളികളെ ഉൾപ്പെടുത്തിയിരിക്കുന്നത് മൂലം അവർക്ക് വേണ്ടത്ര പ്രയോജനം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇലക്ട്രിക്കൽ വിഭാഗത്തിന് ഗുണപ്രദമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗത്വത്തിന് അർഹരായ തൊഴിലാളികളുടെ പട്ടികയിൽ ഇലക്ട്രീഷ്യൻമാരും ഉൾപ്പെടുന്നതാണ്. കൃത്യമായി അംശദായം അടയ്ക്കുകയും വാർഷിക പുതുക്കൽ നടത്തുകയും ചെയ്യുന്ന ഇലക്ട്രിഷ്യൻ വിഭാഗത്തിലുൾപ്പെട്ട എല്ലാ അംഗങ്ങൾക്കും മാനദണ്ഡങ്ങൾ പാലിച്ച് ബോർഡിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. എന്നാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി നിലവിൽ മോശമായതിനാൽ ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ട്. |
| (സി) | ക്ഷേമനിധിയിൽ ഇലക്ട്രിക്കൽ-വയർമാൻ വിഭാഗത്തിന്റെ ഇപ്പോഴുള്ള അൻപത് രൂപ അംശദായം നൂറ് രൂപ ആക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | അംശദായം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പരിഗണനയിലില്ല എന്ന് തൊഴിൽ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഒരു വർഷക്കാലമായി ഇലക്ട്രീഷ്യന്മാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഡി) | കെട്ടിട നിർമ്മാണ ക്ഷേമ ബോർഡ് നിലവിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം നടത്തുന്നതിന് സാധിക്കാത്തത്. തൊഴിൽ വകുപ്പ് മുഖേന പിരിച്ചിരുന്ന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി സെസ്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് 14.02.2024-ലെ |

| | | | |
|---|---|---|---|
| | | | സ.ഉ(കൈ)നം.23/2024/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനമായിട്ടുണ്ട്. സെസ്സ് പിരിവ് കാര്യക്ഷമമാക്കി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ഇ) | ലൈസൻസില്ലാതെ അനധികൃതമായി വയറിംഗ് ജോലികൾ ചെയ്യുന്ന സ്ഥിതി ഒഴിവാക്കാൻ കർശന നടപടി സ്വീകരിക്കുമോ; ലൈസൻസുള്ള വയറിങ് തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കാമോ; | (ഇ) | ലൈസൻസ് ഉള്ള വയർമാൻമാർ സാക്ഷ്യപ്പെടുത്തിയ വയറിംഗ് പ്രവൃത്തി ആണ് കെ.എസ്.ഇ.ബി.എൽ ഔദ്യോഗികമായി സ്വീകരിക്കുന്നത്. ഇത് കെ.എസ്.ഇ.ബി.എൽ-ന്റെ ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന സോഫ്റ്റ്‌വെയറിൽ ഉറപ്പുവരുത്താനുള്ള സംവിധാനം നിലവിലുണ്ട്.<br><br>അനധികൃത വയറിംഗ് ജോലികൾ തടയുന്നതിനുള്ള ജില്ലാതല കമ്മിറ്റികൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് രൂപീകരിച്ചിട്ടുള്ളതാണ്. ലൈസൻസുള്ള വയറിംഗ് തൊഴിലാളികളുടെ എണ്ണം ഏകദേശം ഒരുലക്ഷത്തി അറുപതിനായിരം ആണ്. ആയവയുടെ കംപ്യൂട്ടർവത്കരണം 'സംരക്ഷ' സോഫ്റ്റ് വെയർ മുഖേന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നടന്നുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ലിസ്റ്റ് നൽകുവാൻ കഴിയുന്നതാണെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | തദ്ദേശസ്വയംഭരണ വകുപ്പിൽ വീട്, കെട്ടിട നിർമ്മാണങ്ങൾക്ക് ഇലക്ട്രിക്കൽ വിഭാഗം പ്രവൃത്തികൾ സിവിൽ വർക്കിൽ നിന്ന് ഒഴിവാക്കി പ്രത്യേകമായി നടപ്പാക്കാൻ വ്യവസ്ഥ ചെയ്യുമോ; വ്യക്തമാക്കാമോ? | (എഫ്) | നിയമാനുസൃതമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകളാണ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും അപ്രകാരം നിയമാനുസൃതം കെട്ടിട നിർമ്മാണം നടത്തുന്നതിന് ഈ ചട്ടങ്ങൾ പ്രകാരം അനുമതി നൽകുക എന്നതും നിയമങ്ങൾ പാലിച്ചുകൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക എന്നതുമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതല എന്നും കെട്ടിടം നിർമ്മിക്കുന്നതിന് സിവിൽ വർക്ക് എന്നോ ഇലക്ട്രിക്കൽ വർക്ക് എന്നോ പ്രത്യേകമായി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ